REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

---

**തിയ്യതി: 07-04-2025** **സമയം 06.45 AM**

---

## പ്രധാന വാർത്തകൾ

- രാഷ്ട്രപതി ദ്രൗപദി മുർമു പോർച്ചുഗൽ-സ്ലോവാക്യ സന്ദർശനത്തിന് ലിസ്ബണിലെത്തി.
- സെക്രട്ടേറിയറ്റിനു മുന്നിൽ സമരം ചെയ്യുന്ന ആശാപ്രവർത്തകരുമായി മന്ത്രി V.ശിവൻകുട്ടി ഇന്ന് ചർച്ച നടത്തും.
- ഇന്ന് ലോകാരോഗ്യ ദിനം.
- സംസ്ഥാന കേരളോത്സവത്തിന് നാളെ കോതമംഗലത്ത് തുടക്കമാകും.
- ISL ഫുട്ബോളിൽ ആദ്യ സെമിഫൈനലിന്റെ രണ്ടാം പാദത്തിൽ ബെംഗളൂരു FC, FC ഗോവയെ പരാജയപ്പെടുത്തി.

## വാർത്തകൾ വിശദമായി

രാഷ്ട്രപതി ദ്രൗപദി മുർമു പോർച്ചുഗൽ-സ്ലോവാക്യ സന്ദർശനത്തിന് ലിസ്ബണിലെത്തി. രാഷ്ട്രപതി ഇന്ന് പോർച്ചുഗലിൽ പ്രസിഡന്റ് മാഴ്സെലോ റെബെലോ ഡിസൂസയുമായി ചർച്ച നടത്തും. പോർച്ചുഗൽ പ്രധാനമന്ത്രി ലൂയിസ് മോണ്ടിനെഗ്രോയുമായും ദേശീയ അസംബ്ലി പ്രസിഡന്റ് ജോസ് പെഡ്രോ അഗ്യുയർ-ബ്രാങ്കോയുമായും രാഷ്ട്രപതി കൂടിക്കാഴ്ച നടത്തും. രാഷ്ട്രപതിയുടെ ബഹുമാനാർത്ഥം ലിസ്ബൺ മേയർ പ്രത്യേക പരിപാടിയും സംഘടിപ്പിച്ചിട്ടുണ്ട്. പോർച്ചുഗലിലെ ഇന്ത്യൻ സമൂഹവുമായും രാഷ്ട്രപതി കൂടിക്കാഴ്ച നടത്തും. കൂടാതെ വിവിധ സർവകലാശാലകളിലെയും

അക്കാദമിക് സ്ഥാപനങ്ങളിലെയും ഇന്ത്യൻ ഗവേഷകരുമായും ദ്രൗപതി മുർമു സംവദിക്കും.

സ്ലൊവാക്യയിൽ, പ്രസിഡന്റ് പീറ്റർ പെല്ലെഗ്രിനി, പ്രധാനമന്ത്രി റോബർട്ട് ഫിക്കോ എന്നിവരെയും ദ്രൗപതി മുർമു കാണും.

✪✪✪

മൂന്ന് ദിവസത്തെ ജമ്മു കശ്മീർ സന്ദർശനത്തിന് കേന്ദ്ര മന്ത്രി അമിത് ഷാ ഇന്നലെ ജമ്മുവിലെത്തി. ലെഫ്റ്റനന്റ് ഗവർണർ മനോജ് സിൻഹയും കേന്ദ്ര മന്ത്രി ജിതേന്ദ്ര സിങ്ങും ജമ്മു വിമാനത്താവളത്തിൽ അദ്ദേഹത്തെ സ്വീകരിച്ചു. കത്വ ജില്ലയിലെ അതിർത്തി രക്ഷാസേനയുടെ 'വിനയ്' അതിർത്തി ഔട്ട്പോസ്റ്റ് സന്ദർശിക്കുന്ന അമിത്ഷാ പ്രദേശത്തെ സുരക്ഷാ സ്ഥിതിയും അവലോകനം ചെയ്യും.

തുടർന്ന് കഴിഞ്ഞ മാസം 23-ന് കത്വ ജില്ലയിൽ തീവ്രവാദികളുമായി ഏറ്റുമുട്ടുന്നതിനിടെ വീരമൃത്യു വരിച്ച നാല് പൊലീസുകാരുടെ കുടുംബാംഗങ്ങളെ ജമ്മു രാജ്ഭവനിൽ അദ്ദേഹം കാണും. ഉച്ചയ്ക്ക് ശേഷം ശ്രീനഗറിലേക്ക് പോകുന്ന അമിത് ഷാ നാളെ ജമ്മു കശ്മീർ വികസന പദ്ധതികൾ വിലയിരുത്തുന്നതോടൊപ്പം ശ്രീനഗറിൽ സുരക്ഷാ അവലോകന യോഗത്തിലും പങ്കെടുക്കും.

✪✪✪

സാമൂഹ്യനീതി-ശാക്തീകരണ മന്ത്രാലയം ഉത്തരാഖണ്ഡിലെ ഡെറാഡൂണിൽ സംഘടിപ്പിക്കുന്ന രണ്ടു ദിവസത്തെ ചിന്തൻ ശിവിർ ഇന്നാരംഭിക്കും. സാമൂഹിക, വിദ്യാഭ്യാസ, സാമ്പത്തിക ശാക്തീകരണത്തിന് നീതിയുക്തമായ സമൂഹം കെട്ടിപ്പടുക്കുക എന്ന മന്ത്രാലയത്തിന്റെ ദൗത്യം മുന്നോട്ട് കൊണ്ടുപോകുകയാണ് ചിന്തൻ ശിവിറിന്റെ ലക്ഷ്യം.

കേന്ദ്രഗവൺമെന്റും സംസ്ഥാനങ്ങളും തമ്മിലെ ഏകോപനം മെച്ചപ്പെടുത്തുന്നതിനും, കേന്ദ്രത്തിന്റെ സേവനങ്ങൾ താഴേത്തട്ടിൽ കാര്യക്ഷമമാക്കുന്നതിനും പരിപാടി ലക്ഷ്യമിടുന്നു. കേന്ദ്രമന്ത്രി ഡോ.വീരേന്ദ്രകുമാർ ചിന്തൻ ശിവിറിൽ അധ്യക്ഷനാകും.

✪✪✪

നാവിക കമാൻഡർമാരുടെ സമ്മേളനം ഒന്നാം പതിപ്പിന്റെ രണ്ടാം ഘട്ടത്തിന് ഇന്ന് ന്യൂഡൽഹിയിൽ തുടക്കമാവും. നാല് ദിവസത്തെ സമ്മേളനത്തിൽ ഉന്നത നാവിക കമാൻഡർമാർക്കിടയിൽ പ്രവർത്തന തന്ത്രങ്ങളും ഭരണപരമായ വിഷയങ്ങളും ചർച്ച ചെയ്യും. പ്രാദേശിക സമാധാനം, സുരക്ഷ, സ്ഥിരത എന്നിവയ്ക്കായി നാവികസേനയെ ശക്തിപ്പെടുത്തുന്നതിനും ഇന്ത്യൻ

മഹാസമുദ്ര മേഖലയിലെ സുരക്ഷാ പങ്കാളി എന്ന നിലയിലും സേനയെ സജ്ജമാക്കുന്നതിനുമാണ് ദ്വൈവാർഷിക സമ്മേളനം ചേരുന്നത്. ശനിയാഴ്ച കർണാടകയിലെ കാർവാറിൽ വെച്ചായിരുന്നു സമ്മേളനത്തിന്റെ ഒന്നാം ഘട്ടം.

✪✪✪

ഇന്ന് ലോകാരോഗ്യ ദിനം. ജനങ്ങളിൽ ആരോഗ്യ അവബോധം വളർത്തുകയാണ് ദിനാചരണത്തിന്റെ ലക്ഷ്യം. 1948-ൽ ലോകാരോഗ്യ സംഘടന സ്ഥാപിതമായതിന്റെ വാർഷികം കൂടിയാണിന്ന്.

ന്യൂസ് ഡെസ്ക്കിൽ നിന്ന് കൂടുതൽ വിവരങ്ങൾ ..............

...... (വോയ്സ്)....

"ആരോഗ്യകരമായ തുടക്കങ്ങൾ, പ്രതീക്ഷാജനകമായ ഭാവി" എന്നതാണ് ഈ വർഷത്തെ ദിനാചരണ പ്രമേയം. അമ്മയുടേയും നവജാത ശിശുക്കളുടേയും ആരോഗ്യമാണ് ഇത്തവണത്തെ ലോകാരോഗ്യ ദിന വിഷയം.

ദിനാചരണ പരിപാടികളുടെ സംസ്ഥാനതല ഉദ്ഘാടനം മന്ത്രി വീണാ ജോർജ് തിരുവനന്തപുരത്ത് നിർവഹിക്കും. തിരുവനന്തപുരം മെഡിക്കൽ കോളേജ് ക്യാമ്പസിലെ സ്കൂൾ ഓഫ് പബ്ലിക് ഹെൽത്ത് കോൺഫറൻസ് ഹാളിൽ സംഘടിപ്പിക്കുന്ന ചടങ്ങിൽ 2022-2023 വർഷങ്ങളിലെ മികച്ച ഡോക്ടർ അവാർഡുകൾ വീണാജോർജ് സമ്മാനിക്കും. ഗവണ്മെന്റ് ആശുപത്രികളിൽ മുൻകൂർ ടോക്കൺ, ഡിജിറ്റൽ പണമിടപാടുകൾ എന്നിവ ആരംഭിക്കുന്നതിന്റെ സംസ്ഥാനതല ഉദ്ഘാടനവും മന്ത്രി നിർവഹിക്കും.

✪✪✪

കൊച്ചി കപ്പൽശാല നിർമ്മിക്കുന്ന രണ്ട് ഹരിത ടഗ്ഗുകളുടെ സ്റ്റീൽ കട്ടിംഗ് ചടങ്ങിൽ കേന്ദ്ര മന്ത്രി സർബാനന്ദ സോനോവാൾ ഇന്ന് പങ്കെടുക്കും. കപ്പൽശാലയിൽ നിർമ്മിക്കുന്ന 12,000 ഘനയടി ശേഷിയോടുകൂടിയ സക്ഷൻ ഹോപ്പർ ഡ്രഡ്ജറിന്റെ നിർമ്മാണ പുരോഗതിയും മന്ത്രി വിലയിരുത്തും. കൂടാതെ, ടെറാമാരിസ്, മിയാവാക്കി വാക്ക് വേകളുടെ സമർപ്പണവും സർബാനന്ദ സോനോവാൾ നിർവഹിക്കും.

✪✪✪

സെക്രട്ടേറിയറ്റിനു മുന്നിൽ സമരം ചെയ്യുന്ന ആശാ വർക്കർമാരുടെ പ്രതിനിധികളുമായി മന്ത്രി V.ശിവൻകുട്ടി ഇന്ന് ചർച്ച നടത്തും. തിരുവനന്തപുരത്ത് വൈകിട്ട് മന്ത്രിയുടെ ചേമ്പറിലാണ് കൂടിക്കാഴ്ച്ച. കൂടിക്കാഴ്ച അനുവദിക്കണമെന്ന സമരനേതാക്കളുടെ ആവശ്യം മന്ത്രി അംഗീകരിക്കുകയായിരുന്നു.

ഗവൺമെന്റും സമരക്കാരും തമ്മിൽ മൂന്ന് തവണ ചർച്ച നടന്നെങ്കിലും പ്രശ്നത്തിന് പരിഹാരമായിരുന്നില്ല.

അതേ സമയം ആശമാരുടെ രാപ്പകൽ സമരം ഇന്ന് 57-ാം ദിവസത്തിലേയ്ക്കും അനിശ്ചികാല നിരാഹാര സമരം 19-ാം ദിവസത്തിലേക്കും കടന്നു.

✪✪✪

സംസ്ഥാനത്തെ ഗവൺമെന്റ് ഹയർസെക്കണ്ടറി സ്കൂൾ അധ്യാപകരുടെ ഓൺലൈൻ സ്ഥലംമാറ്റ പ്രക്രിയ ഇന്ന് ആരംഭിക്കുമെന്ന് മന്ത്രി V ശിവൻകുട്ടി അറിയിച്ചു. കൈറ്റിന്റെ സാങ്കേതിക നേതൃത്വത്തിലാണ് ഇതാരംഭിക്കുകയെന്ന് അദ്ദേഹം തിരുവനന്തപുരത്ത് പറഞ്ഞു. അധ്യാപകരുടെ പ്രൊഫൈൽ അപ്ഡേറ്റ് ചെയ്യാനും ബന്ധപ്പെട്ട പ്രിൻസിപ്പൽമാർ അത് പരിശോധിക്കാനും, ഒഴിവുകൾ റിപ്പോർട്ട് ചെയ്യാനും ഹയർസെക്കണ്ടറി ട്രാൻസ്ഫർ പോർട്ടലിൽ പുതിയ സംവിധാനം ഏർപ്പെടുത്തി. ജൂൺ ഒന്നിന് മുമ്പു തന്നെ സ്ഥലംമാറ്റം പൂർത്തിയാക്കും. പ്രിൻസിപ്പൽമാർ കൃത്യമായി പരിശോധിച്ചുവേണം വിവരങ്ങൾ നൽകേണ്ടതെന്നും മന്ത്രി വ്യക്തമാക്കി.

✪✪✪

വഖഫ് നിയമം മൂലം കുടിയിറക്ക് ഭീഷണി നേരിട്ട മുനമ്പം നിവാസികളെ സുരക്ഷിതരാക്കിയ പ്രധാനമന്ത്രിക്കും, കേന്ദ്ര ഗവൺമെന്റിനും നന്ദി പ്രകടിപ്പിച്ച് NDA സംഘടിപ്പിക്കുന്ന ബഹുജന കൂട്ടായ്മ മറ്റന്നാൾ വൈകിട്ട് കേന്ദ്രമന്ത്രി കിരൺ റിജിജു ഉദ്ഘാടനം ചെയ്യുമെന്ന് BJP ദേശീയ നിർവാഹക സമിതി അംഗം P.K കൃഷ്ണദാസ് പറഞ്ഞു. ഇത്തരം ജനകീയ കൂട്ടായ്മകൾ എല്ലാ ജില്ലകളിലും സംഘടിപ്പിക്കുമെന്നും അദ്ദേഹം കൊച്ചിയിൽ അറിയിച്ചു.

എന്നാൽ കുടിയിറക്കു ഭീഷണി നേരിടുന്നവരെ, കോൺഗ്രസും CPIM ഉം കുടിയിറക്കണം എന്നാണ് ആഗ്രഹിക്കുന്നതെന്നും, അതിനാലാണ് ബില്ലിനെതിരെ അവർ സുപ്രീംകോടതിയെ സമീപിക്കാൻ തീരുമാനിച്ചതെന്നും P.K കൃഷ്ണദാസ് ആരോപിച്ചു.

✪✪✪

വഖഫ് നിയമം മൂലം കുടിയിറക്ക് ഭീഷണി നേരിട്ട മുനമ്പം നിവാസികളെ സുരക്ഷിതരാക്കിയ പ്രധാനമന്ത്രിക്കും, കേന്ദ്ര ഗവൺമെന്റിനും നന്ദി പ്രകടിപ്പിച്ച് NDA സംഘടിപ്പിക്കുന്ന ബഹുജന കൂട്ടായ്മ മറ്റന്നാൾ വൈകിട്ട് കേന്ദ്രമന്ത്രി കിരൺ റിജിജു ഉദ്ഘാടനം ചെയ്യുമെന്ന് BJP ദേശീയ നിർവാഹക സമിതി അംഗം P.K കൃഷ്ണദാസ് പറഞ്ഞു. ഇത്തരം ജനകീയ കൂട്ടായ്മകൾ എല്ലാ ജില്ലകളിലും സംഘടിപ്പിക്കുമെന്നും അദ്ദേഹം കൊച്ചിയിൽ അറിയിച്ചു.

എന്നാൽ കുടിയിറക്കു ഭീഷണി നേരിടുന്നവരെ, കോൺഗ്രസും CPIM ഉം കുടിയിറക്കണം എന്നാണ് ആഗ്രഹിക്കുന്നതെന്നും, അതിനാലാണ് ബില്ലിനെതിരെ അവർ സുപ്രീംകോടതിയെ സമീപിക്കാൻ തീരുമാനിച്ചതെന്നും P.K കൃഷ്ണദാസ് ആരോപിച്ചു.

✪✪✪

സംസ്ഥാന കേരളോത്സവത്തിന് നാളെ കോതമംഗലത്ത് തുടക്കമാകും. യുവജനങ്ങളുടെ കലാ-കായിക സർഗശേഷികൾക്ക് അവസരം നൽകുകയെന്ന ലക്ഷ്യത്തോടെ തദ്ദേശ ഭരണ സ്ഥാപനങ്ങളുമായി സഹകരിച്ച് സംസ്ഥാന യുവജന ക്ഷേമ ബോർഡാണ് കേരളോത്സവം സംഘടിപ്പിക്കുന്നത്.

ഡെസ്ക്ക് റിപ്പോർട്ട്

....(വോയ്സ്)...

വിവിധയിനങ്ങളിലായി 118 കായിക മത്സരങ്ങളും, 59 കലാമത്സരങ്ങളുമാണ് കേരളോത്സവത്തിലുണ്ടാവുക. മാർ ബേസിൽ ഹയർസെക്കണ്ടറി സ്കൂളിൽ മന്ത്രി P രാജീവ് കേരളോത്സവം ഉദ്ഘാടനം ചെയ്യും. മന്ത്രി സജി ചെറിയാൻ അധ്യക്ഷനാകും. ജില്ലയിലെ പാർലമെന്റ്, നിയമസഭാംഗങ്ങൾ, മറ്റു ജനപ്രതിനിധികൾ എന്നിവർ ചടങ്ങിൽ പങ്കെടുക്കും. തുടർന്ന് വിധുപ്രതാപും സംഘവും അവതരിപ്പിക്കുന്ന മ്യൂസിക് ബാന്റുമുണ്ടാകും.

ഇതിന്റെ മുന്നോടിയായി ഇന്ന് വൈകിട്ട് കൂട്ടയോട്ടം മന്ത്രി K രാജൻ ഫ്ലാഗ് ഓഫ് ചെയ്യും. "നോ പറയാം മയക്കു മരുന്നിനോട്, ചേർത്തു പിടിക്കാം നമ്മുടെ നാടിനെ" എന്ന മുദ്രാവാക്യം ഉയർത്തിയാണ് കൂട്ടയോട്ടം.

കേരളോത്സവത്തിന് മുന്നോടിയായി കോതമംഗലം മാർ ബേസിൽ സ്കൂൾ ഗ്രൗണ്ടിൽ ക്രമീകരിച്ച പുസ്തകശാല, ചിത്രപ്രദർശനം, ടൂറിസം തുടങ്ങിയ പ്രദർശന കേന്ദ്രങ്ങൾ ഇന്നലെ വൈകിട്ട് ഉദ്ഘാടനം ചെയ്തു. കേരളോത്സവം വെള്ളിയാഴ്ച സമാപിക്കും. നിയമസഭാ സ്പീക്കർ AN ഷംസീർ സമാപന സമ്മേളനം ഉദ്ഘാടനം ചെയ്യും. മന്ത്രി റോഷി അഗസ്റ്റിൻ മുഖ്യാതിഥിയാകും. ഡീൻ കുര്യാക്കോസ് MP മുഖ്യപ്രഭാഷണം നടത്തും. തുടർന്ന് റിമി ടോമിയുടെയും സംഘത്തിന്റെയും മ്യൂസിക് ബാന്റും അരങ്ങേറും.

✪✪✪

സീരിയസ് ഫ്രോഡ് ഇൻവെസ്റ്റിഗേഷൻ ഓഫീസ് - SFIO സമർപ്പിച്ച കുറ്റപത്രത്തിലെ തുടർ നടപടികൾ നിർത്തിവെക്കണമെന്നാവശ്യപ്പെട്ട് കരിമണൽ കമ്പനിയായ CMRL സമർപ്പിച്ച ഹർജി ഡൽഹി ഹൈക്കോടതി ഇന്ന് പരിഗണിച്ചേക്കും. SFIO യുടെ അന്വേഷണ റിപ്പോർട്ട് കേന്ദ്ര അനുമതിക്കായി സമർപ്പിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കണമെന്നും

അനുമതിയില്ലാതെ തുടർ നടപടികൾ പാടില്ലെന്നുമാണ് CMRL ന്റെ ആവശ്യം. മുഖ്യമന്ത്രി പിണറായി വിജയന്റെ മകൾ വീണയുടെ കമ്പനിയായ എക്സാലോജിക്കിന് പണം നൽകിയതുമായി ബന്ധപ്പെട്ടാണ് കൊച്ചിയിലെ കോടതിയിൽ കുറ്റപത്രം സമർപ്പിച്ചത്.

✪✪✪

എഴുത്തുകാരും രാഷ്ട്രീയ പ്രവർത്തകരും പരസ്പരം സഹവർത്തിത്വത്തോടെ നിലകൊള്ളണമെന്ന് മറാത്ത സാഹിത്യകാരൻ ശരൺകുമാർ ലിംബാളെ അഭിപ്രായപ്പെട്ടു. കോഴിക്കോട് DCC ഓഫീസ് ഉദ്ഘാടനത്തോടനുബന്ധിച്ച് ബീച്ചിൽ പുസ്തകോത്സവം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. വായനയിലൂടെ രാജ്യത്തിന്റെ നഷ്ട സംസ്കാരം തിരിച്ചുപിടിക്കാൻ കോൺഗ്രസ് പ്രവർത്തകർ മുന്നോട്ടിറങ്ങണമെന്നും അദ്ദേഹം ആവശ്യപ്പെട്ടു.

കേരളീയരും തമിഴ്നാട്ടുകാരും കീഴടങ്ങാതെ പൊരുതുന്ന ജനതയാണെന്ന് DMK ഡെപ്യൂട്ടി ജനറൽ സെക്രട്ടറിയും പാർലമെന്ററി പാർട്ടി നേതാവുമായ ഡോ.കനിമൊഴി എംപി പറഞ്ഞു. ഓഫീസ് ഉദ്ഘാടനത്തിന്റെ ഭാഗമായി സംഘടിപ്പിച്ച വനിതാ സംഗമം ഉദ്ഘാടനം ചെയ്യുകയായിരുന്നു കനിമൊഴി. മഹിളാ കോൺഗ്രസ് സംസ്ഥാന പ്രസിഡന്റ് ജെബി മേത്തർ MP മോഡറേറ്റർ ആയിരുന്നു.

✪✪✪

RBI സാമ്പത്തിക നയ സമിതിയുടെ മൂന്ന് ദിവസത്തെ യോഗം ഇന്ന് മുംബൈയിൽ ആരംഭിക്കും. റിപ്പോ നിരക്കുകൾ തീരുമാനിക്കുന്നതിനാണ് യോഗം. പണപ്പെരുപ്പം, സൂക്ഷ്മ സാമ്പത്തിക സൂചകങ്ങൾ തുടങ്ങിയ ഘടകങ്ങളെ അടിസ്ഥാനമാക്കിയാണ് RBI പലിശ നിരക്കുകൾ തീരുമാനിക്കുന്നത്.

✪✪✪

ഗോവയിലെ മഡ്ഗാവിൽ ISL ഫുട്ബോളിൽ ആദ്യ സെമിഫൈനലിന്റെ രണ്ടാം പാദത്തിൽ ബെംഗളൂരു FC, FC ഗോവയെ പരാജയപ്പെടുത്തി. ഒന്നിനെതിരെ രണ്ട് ഗോളിനായിരുന്നു ബംഗളൂരുവിന്റെ ജയം. ഇരുപാദങ്ങളിലുമായി 3-2 ജയത്തോടെ ബംഗളൂരു ഫൈനലിൽ പ്രവേശിച്ചു.

രണ്ടാം സെമിയുടെ രണ്ടാം പാദത്തിൽ ഇന്ന് മോഹൻ ബഗാൻ, ജംഷഡ്പൂർ FC യുമായി ഏറ്റുമുട്ടും. വൈകിട്ട് ഏഴരയ്ക്ക് കൊൽക്കത്തയിലാണ് മത്സരം.

✪✪✪

IPL ക്രിക്കറ്റിൽ ഗുജറാത്ത് ടൈറ്റൻസിന് വിജയം. ഹൈദരാബാദിൽ ഏഴ് വിക്കറ്റിന് സൺറൈസേഴ്സ് ഹൈദരാബാദിനെയാണ് ഗുജറാത്ത് ടൈറ്റൻസ് പരാജയപ്പെടുത്തിയത്.

ഇന്ന് മുംബൈ ഇന്ത്യൻസ്, റോയൽ ചലഞ്ചേഴ്സ് ബംഗളുരുവിനെ നേരിടും. ഹൈദരാബാദിൽ വൈകിട്ട് ഏഴരക്കാണ് മത്സരം.

✪✪✪

ലഹരിക്കെതിരായ പോരാട്ടത്തിൽ വിദ്യാർഥികളും അധ്യാപകരും ഒറ്റക്കെട്ടായി പ്രവർത്തിക്കണമെന്ന്  മന്ത്രി A.K ശശീന്ദ്രൻ ആവശ്യപ്പെട്ടു. കുട്ടികൾ ലഹരി ഉപയോഗിക്കുന്നില്ലെന്ന കാര്യം രക്ഷിതാക്കൾ ശ്രദ്ധിക്കണമെന്നും അദ്ദേഹം പറഞ്ഞു.

കോഴിക്കോട് കട്ടിപ്പാറ IUMLP സ്കൂൾ വാർഷികാഘോഷവും പുതിയ ബ്ലോക്കിന്റെ ഉദ്ഘാടനവും യാത്രയയപ്പ് സമ്മേളനവും ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി.  ചടങ്ങിൽ രാജ്യസഭാ MP ഹാരിസ് ബീരാൻ മുഖ്യാതിഥി ആയിരുന്നു.

✪✪✪

കോഴിക്കോട്  വിൽപനയ്ക്കായി കൊണ്ടുവന്ന കഞ്ചാവുമായി ഒരാൾ പിടിയിലായി. എലത്തൂർ സ്വദേശി അഹമ്മദുൽ കബീറിനെയാണ് എലത്തൂർ പോലീസ് പിടികൂടിയത്.

നിരോധിത പുകയില ഉൽപ്പന്നവുമായി അതിഥി തൊഴിലാളിയും കോഴിക്കോട്ട് കസ്റ്റഡിയിലായി. ഉത്തർപ്രദേശ് സ്വദേശിയെയാണ് പന്തീരങ്കാവ് പോലീസ് പിടികൂടിയത്.  പ്രതിയിൽ നിന്നും നിരോധിത പുകയില ഉത്പന്നങ്ങളുടെ 37 പാക്കറ്റ്  കണ്ടെടുത്തു.

✪✪✪

---

*News Editor: വി കെ സുരേഷ്*
*News Reader:  ശരണ്യ രാജൻ*
*News Team: സിയാബ് TP*
*DEO: ഷീബ*